# നമ്മുടെ വായിലെ വാക്കുകളും ഹൃദയത്തിലെ ധ്യാനവും

## സങ്കീർത്തനങ്ങൾ 19:14

"എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും ഹൃദയത്തിലെ ധ്യാനവും നിനക്കു പ്രസാദമായിരിക്കുമാറാകട്ടെ."

നമ്മുടെ ഹൃദയവും അഥവാ ചിന്തകളും നമ്മുടെ വായിലെ വാക്കുകളും തമ്മിൽ അഭേദ്യമായ ബന്ധമുള്ളതാണെന്ന് നമ്മിൽ എത്രപേർ മനസ്സിലാക്കുന്നുണ്ടാവാം. ഹൃദയം നിറഞ്ഞു കവിയുന്നതാണ് വായ സംസാരിക്കുന്നതെന്ന് വചനത്തിൽ വ്യക്തമായി വായിക്കുന്നുവല്ലോ. ഒരു ദൈവപൈതലിന്റെ ഹൃദയം എല്ലായ്പ്പോഴും നിർമ്മലതയും നിഷ്കളങ്കവും നിറഞ്ഞതായിരിക്കണം. അപ്രകാരമുള്ള ഹൃദയത്തിൽനിന്നു മാത്രമേ നല്ല വാമൊഴികൾ പുറപ്പെടുകയുള്ളു.

സദൃശവാക്യങ്ങൾ 17, 18 അദ്ധ്യായത്തിൽ വായിലെ വാക്കുകളുടെ പ്രാധാന്യത്തെക്കുറിച്ചും നാവിന്റെ അധികാരത്തെക്കുറിച്ചുമൊക്കെ കൂടുതലായി മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടല്ലോ. 'മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു. അതിൽ ഇഷ്ടപ്പെടുന്നവൻ അതിന്റെ ഫലം അനുഭവിക്കും.' ഒരു ദൈവപൈതലിനെ സംബന്ധിച്ച് ഈ ലോകജീവിതത്തിലെ തൽക്കാല നേട്ടങ്ങൾക്കുവേണ്ടി നമ്മുടെ ജീവിതത്തെ ഏത് നിഷ്ഫലപ്രവർത്തികൾക്കും വിട്ടുകൊടുക്കുവാൻ കൊള്ളുന്നതല്ല, മറിച്ച് നമ്മുടെ ഓഹരി നശിച്ചുപോകാത്ത നിത്യരാജ്യത്തിലായതിനാൽ നമ്മെയും നമ്മുടെ ജീവിതത്തെയും ദൈവിക കല്പനപ്രകാരം ക്രമപ്പെടുത്തി ജീവിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ് എന്നുള്ള സത്യം നാം മറന്നുപോകാരുത്.

യാക്കോബ് 1: 26 ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു; 'നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർഥം അത്രേ.' വായിൽ തോന്നുന്നതുപോലെ പറഞ്ഞ് ജീവിക്കുവാനല്ല, നാവിനെ കടിഞ്ഞാണിട്ട് ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ട് ജീവിതത്തെ ക്രമീകരിക്കുന്ന ഒരു ദൈവപൈതലിനാണ് ദൈവപ്രസാദം ലഭിക്കുന്നത് എന്ന് നമുക്ക് ഈ വേദഭാഗത്തിലൂടെ മനസ്സിലാകുന്നുവല്ലോ. യാക്കോബിന്റെ ലേഖനം തുടർന്നു വായിക്കുമ്പോൾ 3–ാം അദ്ധ്യായത്തിൽ നാവ് ഒരു ചെറിയ അവയവമാണെങ്കിലും ഒരു വലിയ കാട് കത്തിക്കുവാൻ ശക്തിയുള്ള തീ പോലെയായിട്ടാണ് നാവിനെ ചൂണ്ടിക്കാണിക്കുന്നത്.

തീ എന്നു പറയുമ്പോൾ അത് മറ്റുള്ളവർക്ക് പൊള്ളലേൽപ്പിക്കുന്നു. അതുപോലെ തന്നെ പ്രകാശം പരത്തുവാനും ഇടയാകുന്നു. ഇതിൽ നമ്മുടെ നാവ് എപ്രകാരമാണ് പ്രയോജനപ്പെടുന്നത് എന്ന് നമുക്ക് ആലോചിക്കാം.

പ്രിയ ദൈവപൈതലേ, നമ്മുടെ നാവിലൂടെ ഉപ്പിനാൽ രുചിവരുത്തിയതും കൃപയോടു കൂടിയതുമായ സംസാരരീതി പുറപ്പെട്ടുവരട്ടെ. അപ്പോൾ അത് ചുറ്റുപാടുമുള്ളവർക്ക് ആശ്വാസവും, സമാധാനവും, ദൈവീകപ്രകാശവും പരത്തുവാൻ സഹായകമായിത്തീരും.

1 പത്രോസ് 3:10,11 'ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാൺമാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും അടക്കിക്കൊള്ളട്ടെ.' ആയതിനാൽ നമ്മുടെ വായിലെ വാക്കുകളും ഹൃദയത്തിലെ ധ്യാനവും ദൈവത്തിന് പ്രസാദമുള്ളതായിത്തീരട്ടെ. ദോഷത്തിന് ദോഷവും ശകാരത്തിന് ശകാരവും പകരം ചെയ്യാതെ എല്ലാവർക്കും ആവോളം നന്മ ചെയ്തുകൊണ്ട് ജീവിക്കുവാൻ സംഗതിയാവട്ടെ.

പ്രിയ ദൈവപൈതലേ, നാവിനെയും അധരത്തെയും കടിഞ്ഞാണിട്ട് സൂക്ഷിക്കുവാൻ ദൈവകൃപ നമ്മിൽ നിറയട്ടെ. ഇന്നു മുതൽ നമ്മുടെ ജീവിതത്തെ തിരുവചന പ്രകാരം ക്രമീകരിക്കുവാൻ ദൈവീകകരങ്ങളിൽ ഏല്പിച്ചുകൊടുക്കാം. നമ്മുടെ ഹൃദയങ്ങളിൽ കർത്താവിനു സ്തുതി പാടി സ്തോത്രം ചെയ്ത് കർത്താവിനെ മഹത്വപ്പെടുത്താം. ദൈവം ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം:

യോശുവ 1:8

ഈ ന്യായപ്രമാണത്തിലുള്ളത് നിന്റെ നാവിൽ നിന്ന് നീങ്ങിപ്പോകരുത്. അതിൽ എഴുതിയിരിക്കുന്നതൊക്കെയും പ്രമാണിച്ചു നടക്കേണ്ടതിന് നീ രാവും പകലും അത് ധ്യാനിച്ചുകൊണ്ടിരിക്കണം. എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും. നീ കൃതാർത്ഥനായും ഇരിക്കും.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 067